REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്ക് കൽപ്പറ്റയിൽ പുനരധിവാസ ടൗൺഷിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തറക്കല്ലിടും.
- മാലിന്യ സംസ്കരണത്തിൽ കൃത്യമായ പൊതുബോധം ഉണ്ടാകണമെന്ന് സ്പീക്കർ A.N ഷംസീർ.
- ഇസ്ലാമിക വിശ്വാസികൾ റമസാൻ മാസത്തിന് വിട ചൊല്ലാൻ ഒരുങ്ങുന്നു- ഇന്ന് ഇരുപത്തിയേഴാം രാവ്.
- ഖേലോ ഇന്ത്യ പാരാ ഗെയിംസ് വൈകീട്ട് ന്യൂഡൽഹിയിൽ സമാപിക്കും.
- യുവജനങ്ങൾക്ക് നാട്ടിൽ തന്നെ ജോലി ചെയ്തു ജീവിക്കാൻ സാഹചര്യം ഒരുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി P. രാജീവ്.

## വാർത്തകൾ വിശദമായി

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി ഗവൺമെന്റൊരുക്കുന്ന പുനരധിവാസ ടൗൺഷിപ്പിന് കല്പറ്റയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തറക്കല്ലിടും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെന്റ് വീതം പ്ലോട്ടുകളിൽ, ഒറ്റനില വീടുകൾ ആണ് നിർമിക്കുന്നത്. ആയിരം ചതുരശ്ര അടി വിസ്തീർണത്തിലാകും ഓരോ വീടിന്റെയും നിർമാണം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

കേരളത്തിന്റെ ഉള്ളുലച്ച മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് വീടും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണ് സംസ്ഥാന ഗവൺമെന്റ്. ഒരു രാത്രി ഇരുണ്ടു വെളുത്തപ്പോഴേക്കും ഉരുളെടുത്ത ഒരു നാടിന്റെ പുനർജന്മത്തിന് ഇന്ന് തുടക്കമാകും. ഭാവിയിൽ രണ്ട് നില പണിയാൻ ബലവത്തായ അടിത്തറയോടെയാണ് വീടുകളുടെ നിർമ്മാണം. റോഡുകളും പാർക്കിങ്ങ് സൗകര്യങ്ങളും സ്കൂളും കളിസ്ഥലവും ഉൾപ്പെടെ സൗകര്യങ്ങൾ ടൗൺ ഷിപ്പിൽ ഉണ്ടാകും. ആരോഗ്യ കേന്ദ്രം, ആധുനിക അങ്കണവാടി, പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി സെന്റർ തുടങ്ങിയ സൗകര്യങ്ങളും ടൗൺഷിപ്പിൽ ഉണ്ടാകും. ഉറ്റവരും ഉടയവരും ഒരു പുരുഷായുസ്സിന്റെ സമ്പാദ്യങ്ങളുമെല്ലാം നഷ്ടമായ മനുഷ്യർക്ക് കേന്ദ്ര- സംസ്ഥാന സഹായത്തോടൊപ്പം മലയാളികളും ഒന്നടങ്കം കൈകോർത്താണ് പുതുജീവിതം സമ്മാനിക്കുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്കാണ് ടൗൺഷിപ്പിന്റെ നിർമാണ ചുമതല.

✪✪✪

ത്രിഭുവൻ സഹകാരി സർവകലാശാല ബിൽ 2025 ലോക്സഭ പാസാക്കി. ഗുജറാത്ത് ആനന്ദിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റിനെ ത്രിഭുവൻ സഹകാരി സർവകലാശാല എന്ന് പുനർനാമകരണം ചെയ്ത് ദേശീയ പ്രാധാന്യമേറിയ ഒരു സ്ഥാപനമായി ഉയർത്താൻ ലക്ഷ്യമിടുന്നതാണ് ബിൽ. സഹകരണ മേഖലയിൽ സാങ്കേതിക, മാനേജ്മെന്റ് വിദ്യാഭ്യാസവും, പരിശീലനവും ലഭ്യമാക്കുന്ന സ്ഥാപനം സഹകരണ ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സഹകരണ മേഖലയിൽ സ്ഥാപിക്കുന്ന ആദ്യ സർവകലാശാലയാണ് ഇത്.

✪✪✪

റിസർവ് ബാങ്കിന്റെ ധന നയ സമിതിയുടെ പുതിയ സാമ്പത്തിക വർഷത്തെ ആദ്യയോഗം ഏപ്രിൽ ഏഴിന് ആരംഭിക്കും. ഒൻപതിനാണ് സാമ്പത്തിക നയപ്രഖ്യാപനം.

✪✪✪

KYC വ്യവസ്ഥകളും റിസർവ് ബാങ്ക് നിർദ്ദേശങ്ങളും പാലിക്കാത്തതിന്റെ പേരിൽ HDFC ബാങ്ക് ഉൾപ്പെടെ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും RBI പിഴ ചുമത്തി. HDFC യ്ക്ക് 75 ലക്ഷം രൂപയാണ് പിഴ. പഞ്ചാബ് ആന്റ് സിന്ദ് ബാങ്ക്, KLM ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ് എന്നിവയ്ക്കും പിഴശിക്ഷ ചുമത്തിയിട്ടുണ്ട്.

✪✪✪

പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 1,500 ലേറെ വ്യാജവാർത്തകളിൽ സത്യം പുറത്തു കൊണ്ടുവന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു. വ്യാജവാർത്തകളുടെ വ്യാപനവും തെറ്റിദ്ധാരണാജനകമായ ഉള്ളടക്കങ്ങളും സംബന്ധിച്ച സത്യാവസ്ഥ മാധ്യമങ്ങളെ അറിയിക്കാൻ വേണ്ടിയാണ് 2019 ൽ PIB ഫാക്ട് ചെക് യൂണിറ്റ് രൂപീകരിച്ചത്. ഗവൺമെന്റുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകളുടെ

നിജസ്ഥിതി അറിയാൻ ഫാക്ട് ചെക് യൂണിറ്റിനെ പൊതുജനങ്ങൾക്ക് സമീപിക്കാമെന്നും അശ്വനി വൈഷ്ണവ് പറഞ്ഞു.

✪✪✪

ദേശീയ വനിതാകമ്മീഷൻ രാജ്യത്തെ ഓരോ ജില്ലയിലും ഓരോ വിവാഹപൂർവ്വ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് കമ്മീഷൻ അധ്യക്ഷ വിജയ രഹാത്കർ പട്നയിൽ അറിയിച്ചു. നിലവിൽ 11 സംസ്ഥാനങ്ങളിലായി 23 കേന്ദ്രങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്നത്.

✪✪✪

മാലിന്യ സംസ്കരണത്തിൽ കൃത്യമായ പൊതുബോധം ഉണ്ടാകണമെന്ന് സ്പീക്കർ A.N ഷംസീർ പറഞ്ഞു. വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും ഒരേപോലെ പ്രാധാന്യമേറിയതാണെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. തലശ്ശേരി കോളജ് ഓഫ് എൻജിനിയറിംഗിനെ ഹരിത കലാലയമായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. പല തരം ലഹരികൾ എല്ലാ അതിർത്തികളും കടന്ന് വീടുകളിൽ വരെ എത്തുന്ന സാഹചര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും ജാഗ്രത പാലിക്കണമെന്നും സ്പീക്കർ നിർദ്ദേശിച്ചു.

✪✪✪

ഇസ്ലാംമത വിശ്വാസികൾ റമസാൻ മാസത്തിന് വിട ചൊല്ലാൻ ഒരുങ്ങുകയാണ്. നോമ്പിന്റെ അവസാന നാളുകളിൽ പ്രാർഥനയിലും ആരാധനാ കർമങ്ങളിലും കൂടുതൽ സജീവമാകുകയാണ് ഓരോ വിശ്വാസിയും.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)...

വ്രതശുദ്ധിയാൽ സ്ഫുടം ചെയ്ത മനസ്സുമായി ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദറിനെ ഏറെ പ്രതീക്ഷിക്കുന്ന 27-ാം രാവായ ഇന്ന്, വിശ്വാസികളുടെ വീടുകളും പള്ളികളും ഖുർആൻ പാരായണവും പ്രത്യേക നമസ്കാരങ്ങളുമായി കൂടുതൽ ഭക്തിസാന്ദ്രമാകും. പുലർച്ചെ വരെ പള്ളികളിൽ താമസിച്ച് വിശ്വാസികൾ ആരാധനാ കർമങ്ങളിൽ ഏർപ്പെടും.

നാളെയാണ് ഈ വർഷത്തെ വിശുദ്ധ റമസാനിലെ അവസാന വെള്ളിയാഴ്ച. ഈ ദിവസം പള്ളികളിൽ പതിവിൽ കൂടുതൽ തിരക്ക് അനുഭവപ്പെടും. ഞായറാഴ്ച മാസപ്പിറവി ദൃശ്യമായാൽ തിങ്കളാഴ്ചയും അല്ലെങ്കിൽ റമസാൻ 30 പൂർത്തിയാക്കി ചൊവ്വാഴ്ചയുമാകും ചെറിയ പെരുന്നാൾ.

✪✪✪

മലപ്പുറം സ്വലാത്ത് നഗറിൽ റംസാൻ 27-ാം രാവ് പ്രാർത്ഥനാ സമ്മേളനത്തിന് രാവിലെ തുടക്കമാകും. വൈകിട്ട് ഒരു ലക്ഷത്തോളം പേർ പങ്കെടുക്കുന്ന മെഗാ ഇഫ്താർ സംഗമവും ഉണ്ടായിരിക്കും. രാത്രി ഒൻപതിന് പ്രധാന ചടങ്ങുകൾ,

അഖിലേന്ത്യാ സുന്നി ജം ഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം AP അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറത്ത് റംസാൻ ഫെയർ P ഉബൈദുള്ള MLA ഉദ്ഘാടനം ചെയ്തു. മാർച്ച് 30 വരെ നീളുന്ന ഫെയറിൽ 13 സബ്സിഡി സാധനങ്ങളും, മറ്റു നിത്യോപയോഗ സാധനങ്ങളും ലഭ്യമാണ്.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് വൈകീട്ട് ന്യൂഡൽഹിയിൽ  സമാപിക്കും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സമാപന ചടങ്ങിൽ  കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പങ്കെടുക്കും.

എട്ട് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ ആറ് ഇനങ്ങളിലായി 1,300-ലധികം പാരാ അത്‌ലറ്റുകളാണ്  മത്സരിച്ചത്.

31 സ്വർണവും 36 വെള്ളിയും 29 വെങ്കലവുമടക്കം 96 മെഡലുകളുമായി ഹരിയാനയാണ് മുന്നിൽ. 26 സ്വർണമടക്കം 68 മെഡലുകൾ നേടിയ തമിഴ്നാട് രണ്ടാമതും, 22 സ്വർണമടക്കം 55 മെഡലുകൾ നേടിയ ഉത്തർപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്. മൂന്ന് സ്വർണം നേടിയ കേരളം മെഡൽ പട്ടികയിൽ 11-ാം സ്ഥാനത്താണ്.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ എട്ട് വിക്കറ്റിന്  പരാജയപ്പെടുത്തി.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

ഇന്ത്യൻ വനിതാലീഗ് ഫുട്ബോളിൽ, ഗോകുലം കേരള, കൊൽക്കത്ത ശ്രീഭൂമി FC യെ തോൽപ്പിച്ചു. കോഴിക്കോട്ട് മറുപടിയില്ലാത്ത മൂന്ന് ഗോളിനാണ് ഗോകുലം കേരളയുടെ വിജയം.

✪✪✪

യുവജനങ്ങൾക്ക് നാട്ടിൽ തന്നെ ജോലി ചെയ്തു ജീവിക്കാൻ സാഹചര്യം ഒരുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന്  മന്ത്രി P. രാജീവ് പറഞ്ഞു. പട്ടാമ്പിയിൽ  ജില്ലാതല നിക്ഷേപക സംഗമവും, സാങ്കേതിക ശില്പശാലയും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വ്യവസായ സംരംഭകർക്ക് സൗഹാർദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ  കേരളം രാജ്യത്ത് ഒന്നാമതാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ

ആരംഭിക്കാൻ ഗവൺമെന്റ് പ്രോത്സാഹനം നൽകുന്നുണ്ടെന്നും P. രാജീവ് പറഞ്ഞു.

✪✪✪

ദേശീയ ഗോത്ര സാഹിത്യോത്സവം വൈകിട്ട് കോഴിക്കോട് കിർത്താഡ്സ് ക്യാംപസിൽ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും. ഗോത്ര ജനതയുടെ സാഹിത്യ സംഭാവനകളെ അടുത്തറിയാനും, ഗോത്രജീവിതം മനസ്സിലാക്കാനുമാണ് സാഹിത്യോത്സവം ലക്ഷ്യമിടുന്നത്.

ശനിയാഴ്ച സമാപനസമ്മേളനത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും, MK രാഘവൻ MP യും പങ്കെടുക്കും.

✪✪✪

മാലിന്യമുക്ത കേരളത്തിന്റെ രക്തസാക്ഷിയാണ് ആമയിഴഞ്ചാൻ തോട് ശുചീകരണത്തിനിടെ മരിച്ച ജോയിയെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ജോയിയുടെ അമ്മ മെൽഗിയ്ക്ക് നിർമ്മിച്ചുനൽകുന്ന വീടിന് തറക്കല്ലിടുകയായിരുന്നു മന്ത്രി. സംസ്ഥാന ഗവൺമെന്റും, തിരുവനന്തപുരം കോർപറേഷനും, ജില്ലാപഞ്ചായത്തും ചേർന്നാണ് വീട് നിർമ്മിക്കുന്നത്.

✪✪✪

മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കണ്ണൂർ കലക്ടറേറ്റിനും സിവിൽ സ്റ്റേഷനും നാളെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഹരിത പദവി സമ്മാനിക്കും. സംസ്ഥാനത്ത് ആദ്യമായാണ് ഒരു കലക്ടറേറ്റിന് ഹരിത പദവി ലഭിക്കുന്നത്. ജില്ലാ കലക്ടറേറ്റ്, അനുബന്ധ സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെ 92 ഗവൺമെന്റ് ഓഫീസുകളാണ് ഹരിത പദവി കൈവരിച്ചത്.

✪✪✪

കേരള സർവകലാശാല സംഘടിപ്പിക്കുന്ന ഭരത് മുരളി നാടകോത്സവം രണ്ടാം പതിപ്പ് വൈകിട്ട് സർവകലാശാലാ സെനറ്റ് ഹാളിൽ ആരംഭിക്കും. മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മുഖ്യപ്രഭാഷണം നടത്തും. ചടങ്ങിനു ശേഷം KPAC യുടെ 'നിങ്ങളെന്ന കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം അവതരിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് ആശാവർക്കർമാരുടെ സമരം 46-ാം ദിവസത്തിലേക്ക് കടന്നു. സെക്രട്ടറിയേറ്റിന് മുന്നിൽ ആശമാർ നടത്തുന്ന നിരാഹാര സമരം ഇന്ന് എട്ടാം ദിവസമാണ്.

✪✪✪

കൊല്ലത്ത് ലഹരിപാർട്ടി സംഘടിപ്പിച്ച നാലംഗസംഘത്തെ എക്സൈസ് പിടികൂടി. തിരുവനന്തപുരം സ്വദേശികളായ വിപിൻ, വിവേക്, കിരൺ, ടെർബിൻ എന്നിവരാണ് പത്തനാപുരത്ത് പിടിയിലായത്. MDMA, കഞ്ചാവ്, സിറിഞ്ചുകൾ, ഡിജിറ്റൽ ത്രാസ് എന്നിവ പാർട്ടി നടത്തിയ സ്ഥലത്തു നിന്ന് കണ്ടെത്തി. പ്രതികൾ ലഹരിവിൽപ്പനക്കാരായിരുന്നുവെന്ന് സംശയിക്കുന്നു.

✪✪✪

കോഴിക്കോട് നല്ലളത്ത്, പൊലീസ് സ്റ്റേഷനിൽ പിടികൂടി സൂക്ഷിച്ച ബൈക്ക് ആവശ്യപ്പെട്ട് എത്തിയ ആളിൽ നിന്ന് MDMA പിടികൂടി. ചൊവ്വാഴ്ച രാത്രി വാഹന പരിശോധനയ്ക്കിടെ പിടിച്ചുവെച്ച ബൈക്ക് വാങ്ങാനെത്തിയ നല്ലളം സ്വദേശി അലൻ ദേവിൽ നിന്നാണ് MDMA പാക്കറ്റ് കണ്ടെടുത്തത്.

✪✪✪

കുടുംബശ്രീ പ്രീമിയം കഫേയുടെ ഒൻപതാം ഔട്ട്ലെറ്റ് കാസർകോട്ട് ആരംഭിച്ചു. ജില്ലാപഞ്ചായത്ത് പരിസരത്ത് പ്രവർത്തനം തുടങ്ങിയ കഫേ, NA നെല്ലിക്കുന്ന് MLA ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ് തങ്ങൾ, രജിന കെ*
*DEO: ഷീബ*